**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 67** **23-08-2022 - ൽ മറുപടിയ്ക്ക്**

**കെ ഫോൺ പദ്ധതിയുടെ കൺസൾട്ടന്റ് ഏജൻസികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കെ ഫോൺ പദ്ധതിയുടെ ഭാഗമായി കൺസൾട്ടന്റ് ഏജൻസികൾ പ്രവർത്തിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഏജൻസികൾ ആണെന്നും അവയുടെ ഉത്തരവാദിത്തങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ; | (എ) | കെ-ഫോൺ പദ്ധതിയുടെ ഭാഗമായി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റായി പ്രൈസ് വാട്ടർ ഹൗസ് കൂപ്പേർസും (M/s PWC) പ്രോജക്ട് മാനേജ്മെന്റ് ഏജൻസിയായി ടെലികമ്മ്യൂണിക്കേഷൻ കൺസൾട്ടന്റ്സ് ഇൻഡ്യ (M/s TCIL) ലിമിറ്റഡും തുടക്കത്തിൽ പ്രവർത്തിച്ചിരുന്നു. നിലവിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റായി കെ.പി.എം.ജി (KPMG) ആണ് പ്രവർത്തിക്കുന്നത്. പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിനെ പദ്ധതിയുടെ നിർവഹണത്തിനും പ്രോജക്ട് മാനേജ്മെന്റ് ഏജൻസിയെ പദ്ധതിയുടെ ക്വാളിറ്റി ടെസ്റ്റിംഗിനുമാണ് നിയോഗിച്ചിട്ടുള്ളത്. |
| (ബി) | ജനങ്ങളുടെ വ്യക്തിഗത ഡേറ്റ ഉൾപ്പെടെ കൈകാര്യം ചെയ്യപ്പെടേണ്ടിവരുന്ന കെ ഫോൺ പദ്ധതിയുമായി ബന്ധപ്പെട്ട് മേല്പറഞ്ഞ കൺസൾട്ടന്റ് സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന സ്റ്റാഫിന്റെ വിവരങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ജനങ്ങളുടെ വ്യക്തിഗത ഡേറ്റ കൈകാര്യം ചെയ്യാൻ കൺസൾട്ടന്റ് സ്ഥാപനങ്ങളെ നിയോഗിച്ചിട്ടില്ല. |
| (സി) | നയതന്ത്ര ചാനൽ സ്വർണക്കടത്ത് കേസ് പ്രതിയുടെ ഭർത്താവ് കെ ഫോൺ പദ്ധതിയുമായി ബന്ധപ്പെട്ട് മേൽപ്പറഞ്ഞ കൺസൾട്ടന്റ് ഏജൻസികളിൽ പ്രവർത്തിച്ചിരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഏത് വ്യക്തിയെക്കുറിച്ചാണ് ചോദ്യത്തിൽ പരാമർശിച്ചതെന്ന് വ്യക്തമല്ല. |

സെക്ഷൻ ഓഫീസർ